ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 13.11.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). വയനാട്, ചേലക്കര ഉപതിരഞ്ഞെടുപ്പുകളിൽ വോട്ടെടുപ്പ് പുരോഗമിക്കുന്നു. വോട്ടെടുപ്പ് അഞ്ച് മണിക്കൂറുകൾ പിന്നിടുമ്പോൾ വയനാട്ടിൽ 35 ശതമാനവും, ചേലക്കരയിൽ 37 ശതമാനവും പോളിങ്ങ്.

**Voting underway for Wayanad and Chelakkara byelections in Kerala. Wayanad Lok Sabha constituency recorded 35 per cent polling and Chelakkara assembly constituency recorded 37 percent in the first five hours after polling began this morning.**

2) ഝാർഖണ്ഡ് നിയമസഭയിലേക്കുള്ള ഒന്നാം ഘട്ട വോട്ടെടുപ്പും പുരോഗമിക്കുന്നു. വോട്ടെടുപ്പ് പൊതുവേ സമാധാനപരം. 29.31 ശതമാനം പേർ ഇതിനകം വോട്ട് രേഖപ്പെടുത്തി.

**Polling underway for first phase of Jharkhand Assembly Elections in 43 constituencies amidst tight security. 29.31 percent voting was recorded till 9.30 am.**

3) ജനാധിപത്യത്തിൻറെ ഈ ഉത്സവത്തിൽ പങ്കുചേരാൻ യുവവോട്ടർമാരോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Voting has begun for the first round of Jharkhand assembly elections. Prime Minister Narendra Modi has urged all voters of Jharkhand to cast their vote with full enthusiasm in the festival of democracy.**

4) കുറ്റകൃത്യത്തിൽ പ്രതിയാക്കപ്പെടുന്നവരുടെ വീടുകൾ ബുൾഡോസർ ഉപയോഗിച്ച് പൊളിക്കുന്ന നടപടി ഭരണഘടനാവിരുദ്ധമാണെന്ന് സുപ്രീംകോടതി.

**The Supreme Court of India has ruled, the executive cannot act as the judiciary in determining the guilt of individuals by demolishing their properties.**

**5) സംസ്ഥാന സ്കൂൾ കായികമേളയുടെ സമാപന സമ്മേളനം അലങ്കോലപ്പെടുത്താനുള്ള ശ്രമം സംബന്ധിച്ച് അന്വേഷണം നടത്താൻ മൂന്നംഗ സമിതിയെ നിയോഗിച്ച് വിദ്യാഭ്യാസ വകുപ്പ്.**

**Kerala Government appointed a three-member committee to investigate the attempts to disrupt the closing ceremony of State School Sports Meet held in Kochi.**

**6) ജപ്പാൻ സൂപ്പർ ബാഡ്മിൻറൺ ടൂർണമെൻറിൽ ഇന്ത്യയുടെ പി.വി സിന്ധു പ്രീക്വാർട്ടറിൽ.**

**Indian badminton star P.V. Sindhu has advanced to the Women's Singles Round of 16 at the Kumamoto Masters Japan Super 500 tournament today.**

=====================================================

## BY ELECTION – WAYANAD, CHELAKKARA

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട്, ചേലക്കര മണ്ഡലങ്ങളിൽ വോട്ടെടുപ്പ് പുരോഗമിക്കുന്നു. രാവിലെ 7 മണിക്ക് ആരംഭിച്ച വോട്ടെടുപ്പ് വൈകുന്നേരം ആറ് മണിവരെ തുടരും. വയനാട് ലോക്സഭാ മണ്ഡലത്തിൽ ഇതുവരെയുള്ള കണക്കുകൾ പ്രകാരം 35 ശതമാനം പോളിങ്ങാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ചേലക്കര നിയമസഭാ മണ്ഡലത്തിൽ 37 ശതമാനം പേർ വോട്ട് രേഖപ്പെടുത്തി. പൊതുവേ സമാധാനപരമായാണ് ഇരു മണ്ഡലങ്ങളിലും വോട്ടെടുപ്പ് പുരോഗമിക്കുന്നത്. വോട്ടർമാരുടെ നീണ്ട നിരയാണ് മിക്ക പോളിങ് ബൂത്തുകളിലും ദൃശ്യമാകുന്നത്.

=====================================================

## WAYANAD POLLING – (INTRO)

ദേശീയ രാഷ്ട്രീയം ഏറെ ഉറ്റുനോക്കുന്ന വയനാട് ലോക്സഭ മണ്ഡലത്തിൽ 16 സ്ഥാനാർത്ഥികളാണ് ഉപതിരഞ്ഞെടുപ്പിൽ ജനവിധി തേടുന്നത്. വയനാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന മണ്ഡലത്തിൽ ശക്തമായ മത്സരമാണ് നടക്കുന്നത്. യു.ഡി എഫിനായി പ്രിയങ്ക

ഗാന്ധിയും എൽ.ഡി.എഫിനായി സത്യൻ മൊകേരിയും എൻ ഡി എയ്ക്കായി നവ്യ ഹരിദാസും മണ്ഡലത്തിൽ ജനവിധി തേടുന്നു. വയനാട് മണ്ഡലത്തിൽ നിന്നുള്ള ഏറ്റവും പുതിയ പോളിംഗ് വിവരങ്ങളുമായി ആകാശവാണി പ്രതിനിധി അരുൺ വിൻസെൻറ് ചേരുന്നു. അരുൺ, പോളിംഗ് ആദ്യ 5 മണിക്കൂറുകൾ പിന്നിടുമ്പോൾ ബൂത്തുകളിലെ ജനപങ്കാളിത്തം എത്രത്തോളമാണ്....എന്താണ് കൂടുതൽ വിവരങ്ങൾ...

**(ഹോൾഡ്..........)**

നന്ദി, അരുൺ...

==================================================================

**CHELAKKARA ELECTION**

ആറ് സ്ഥാനാർത്ഥികൾ ജനവിധി തേടുന്ന ചേലക്കര മണ്ഡലത്തിൽ പോളിങ്ങ് ബൂത്തുകളിൽ വോട്ടർമാരുടെ നീണ്ട നിരയാണ് ദൃശ്യമാകുന്നത്. എൽഡിഎഫിനായി യു.ആർ പ്രദീപും, യു.ഡി.എഫിനായി രമ്യ ഹരിദാസും, എൻ.ഡി.എ യ്ക്കായി കെ. ബാലകൃഷ്ണനുമാണ് മണ്ഡലത്തിൽ ജനവിധി തേടുന്നത്. കെ ബാലകൃഷ്ണൻ പാമ്പാടി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലും, യു ആർ പ്രദീപ് വിദ്യാസാഗർ ഗുരുകുലം സ്കൂൾ കൊണ്ടയൂരിലും രാവിലെ തന്നെ വോട്ട് രേഖപ്പെടുത്തി.

ഉപതിരഞ്ഞെടുപ്പിനായി 180 ബൂത്തുകൾ ആണ് മണ്ഡലത്തിൽ ക്രമീകരിച്ചിരിക്കുന്നത്. ഇതിൽ 14 പ്രശ്നബാധിത ബൂത്തുകളാണുള്ളത്. ഉച്ചയോടെ പോളിംഗ് ശതമാനം വീണ്ടുമുയരും എന്നാണ് പ്രതീക്ഷിക്കുന്നത്.

==================================================================

**JHARKHAND**

ഒന്നാംഘട്ട നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന ഝാർഖണ്ഡിൽ വോട്ടെടുപ്പ് സമാധാനപരമായി പുരോഗമിക്കുന്നു. 11 വരെയുള്ള കണക്കുകൾ പ്രകാരം 29.31 ശതമാനം പേർ വോട്ട് രേഖപ്പെടുത്തി. 15 ജില്ലകളിലെ 43 മണ്ഡലങ്ങളിലാണ് ഇന്ന് വോട്ടെടുപ്പ്. രാവിലെ 7 മണിക്കാരംഭിച്ച പോളിങ്ങ് വൈകുന്നേരം 5 മണിയോടെ പൂർത്തിയാകും. 950 പ്രശ്നബാധിത ബൂത്തുകളിൽ വൈകുന്നേരം 4 മണി വരെ മാത്രമാണ് വോട്ടെടുപ്പ്. 683 സ്ഥാനാർത്ഥികളാണ് ഒന്നാംഘട്ട തിരഞ്ഞെടുപ്പിൽ ഝാർഖണ്ഡിൽ ജനവിധി തേടുന്നത്. വിപുലമായ സുരക്ഷാ ക്രമീകരണങ്ങളാണ് മണ്ഡലങ്ങളിലും, ജില്ലാ അതിർത്തികളിലും ഒരുക്കിയിരിക്കുന്നത്. 200 കമ്പനി കേന്ദ്ര പോലീസ് സേനയെ സംസ്ഥാനത്ത് വിന്യസിച്ചിട്ടുണ്ട്.

=====================================================

**BYELECTION - 2**

കേരളത്തിലെ രണ്ട് മണ്ഡലങ്ങൾക്ക് പുറമേ 9 സംസ്ഥാനങ്ങളിലെ 30 മണ്ഡലങ്ങളിലേക്കുള്ള നിയമസഭാ ഉപതിരഞ്ഞെടുപ്പുകളിലും വോട്ടെടുപ്പ് പുരോഗമിക്കുകയാണ്. രാജസ്ഥാനിലെ ഏഴ് സീറ്റുകളിൽ 24 ശതമാനത്തിന് മുകളിലും, പശ്ചിമബംഗാളിലെ ആറ് മണ്ഡലങ്ങളിൽ 28 ശതമാനത്തിനടുത്തും അസമിൽ അഞ്ചിടത്ത് 30 ശതമാനവും പോളിങ്ങ് ഇതുവരെ രേഖപ്പെടുത്തി. ബീഹാറിലെ നാല് മണ്ഡലങ്ങളിൽ 22 ശതമാനവും, കർണാടകയിലെ മൂന്ന് സീറ്റിൽ 26 ശതമാനത്തിനടുത്തും , മധ്യപ്രദേശിലെ രണ്ട് മണ്ഡലങ്ങളിലായി 37 ശതമാനവും ആണ് പോളിങ്ങ് നിരക്ക്. ഓരോ മണ്ഡലങ്ങളിൽ വീതം ഉപതിരഞ്ഞെടുപ്പ്

നടക്കുന്ന ഛത്തീസ്ഗഢിൽ 18.73 ഉം, ഗുജറാത്തിൽ 24.39 ഉം, മേഘാലയയിൽ 37.5 ശതമാനം പേരാണ് ഇതുവരെ വോട്ട് രേഖപ്പെടുത്തിയത്. സിക്കിമിൽ ഇന്ന് ഉപതിരഞ്ഞെടുപ്പ് നടക്കേണ്ടിയിരുന്ന രണ്ട് സീറ്റുകളിൽ സിക്കിം ക്രാന്തികാരി മോർച്ച എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടിരുന്നു.

==========================================================

**PM- VOTE APPEAL**

ജനാധിപത്യത്തിൻറെ ഈ ഉത്സവത്തിൽ ഉത്സാഹപൂർവ്വം വോട്ട് രേഖപ്പെടുത്താൻ പ്രധാനമന്ത്രി നരേന്ദ്ര മോദി എല്ലാ വോട്ടർമാരോടും അഭ്യർത്ഥിച്ചു. കന്നിവോട്ടർമാരായ എല്ലാ യുവജനങ്ങൾക്കും അദ്ദേഹം ആശംസകൾ നേർന്നു.

==========================================================

**PALAKKAD - (INTRO)**

വോട്ടെടുപ്പിന് ഒരാഴ്ച മാത്രം അവശേഷിക്കേ പാലക്കാട് നിയമസഭ മണ്ഡലത്തിൽ പ്രചാരണം കൂടുതൽ കൊഴുപ്പിക്കാനുള്ള ഒരുക്കത്തിലാണ് മുന്നണികൾ.
**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.....**

**(VOICE.......)**

==========================================================

**MAHA- CAMPAIGNING**

മഹാരാഷ്ട്രയിൽ ഈ മാസം 20-ന് നടക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. 288 മണ്ഡലങ്ങളിലേക്കുള്ള നിയമസഭാ തിരഞ്ഞെടുപ്പിന് പുറമേ മഹാരാഷ്ട്രയിലെ നാന്ദേഡ് ലോക്സഭാ സീറ്റിലേക്കുള്ള ഉപതിരഞ്ഞെടുപ്പും ഈ മാസം 20 നാണ്. കേന്ദ്ര ആഭ്യന്തരമന്ത്രിയും മുതിർന്ന ബിജെപി

നേതാവുമായ അമിത് ഷാ ഇന്ന് ധുലേ, ജലഗാവ്, പർഭാനി മണ്ഡലങ്ങളിൽ പ്രചാരണ പരിപാടികളിൽ പങ്കെടുക്കും. നിതിൻ ഗഡ്കരി, യോഗി ആദിത്യനാഥ് തുടങ്ങിയ മുതിർന്ന ബിജെപി നേതാക്കളും സംസ്ഥാനത്ത് ഇന്ന് പ്രചാരണം നടത്തും. കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗേ, ലാത്തൂരിലും സോലാപ്പൂരിലും ഇന്ന് തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യും. രേവന്ത് റെഡ്ഡി, സച്ചിൻ പൈലറ്റ് തുടങ്ങിയ കോൺഗ്രസ് നേതാക്കളും സംസ്ഥാനത്ത് പ്രചാരണ രംഗത്തുണ്ട്.

==========================================================

## PM-BIHAR

വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്ക് ഇന്ത്യ അതിവേഗം മുന്നേറുകയാണെന്നും, ജനങ്ങൾക്ക് സേവനങ്ങൾ ഉറപ്പുവരുത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. ബിഹാറിലെ ദർഭംഗയിൽ 12,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിച്ച് സംസാരിക്കുക യായിരുന്നു അദ്ദേഹം. ദർഭംഗയിൽ 1,260 കോടി രൂപ മുതൽ മുടക്കിൽ സ്ഥാപിക്കുന്ന എയിംസിൻറെ തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിച്ചു. 6,800 കോടി രൂപ ചിലവിൽ പൂർത്തിയാക്കിയ വിവിധ റോഡ് – റെയിൽ വികസന പദ്ധതികളും അദ്ദേഹം ഉദ്ഘാടനം ചെയ്തു.

==========================================================

## SC - BULLDOZER ACTIONS

കുറ്റകൃത്യത്തിൽ പ്രതിയാക്കപ്പെടുകയോ, ശിക്ഷിക്കപ്പെടുകയോ ചെയ്യുന്നവരുടെ വീടുകൾ ബുൾഡോസർ ഉപയോഗിച്ച് പൊളിക്കുന്ന നടപടി സർക്കാരുകൾ കൈക്കൊള്ളാൻ പാടില്ലെന്ന്

സുപ്രീംകോടതി. ഇത്തരം നടപടികൾ നിയമവാഴ്ചയ്ക്ക് വിരുദ്ധവും, അധികാര ദുർവിനിയോഗവുമാണെന്നും കോടതി നിരീക്ഷിച്ചു. ഒരു വ്യക്തി കുറ്റവാളിയോണോ എന്ന് പ്രഖ്യാപിക്കേണ്ടത് കോടതിയാണെന്നും, ഭരണകർത്താക്കളല്ലെന്നും സുപ്രീംകോടതി വ്യക്തമാക്കി. കെട്ടിടങ്ങൾ പൊളിക്കുന്നതിന് മുമ്പ് അധികാരികൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളും കോടതി പുറപ്പെടുവിച്ചു.

പാർപ്പിടത്തിനുള്ള അവകാശം പൗരന്മാരുടെ മൗലികാവകാശമാണെന്നും, നിരപരാധികൾക്ക് അത്തരം അവകാശം നിഷേധിക്കുന്നത് പൂർണമായും ഭരണഘടനാ വിരുദ്ധമാണെന്നും പരമോന്നത കോടതി പറഞ്ഞു.

=====================================================

**V SHIVANKUTTY – SCHOOL GAMES**

സംസ്ഥാന സ്കൂൾ കായികമേളയുടെ സമാപന സമ്മേളനം അലങ്കോലപ്പെടുത്താനുള്ള ശ്രമം സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ വിദ്യാഭ്യാസ വകുപ്പ് മൂന്നംഗ സമിതിയെ നിയോഗിച്ചു. തിരുനാവായ നാവാ മുകുന്ദ, കോതമംഗലം മാർ ബേസിൽ സ്കൂളുകളോട് സമിതി വിശദീകരണം തേടും. രണ്ടാഴ്ചക്കകം സമിതി റിപ്പോർട്ട് സമർപ്പിക്കണമെന്നും വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടിയുടെ നേതൃത്വത്തിൽ ചേർന്ന യോഗം നിർദ്ദേശിച്ചു.

=====================================================

**SWAMI CHAT BOAT**

ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിൻറെ ഭാഗമായി പത്തനംതിട്ട ജില്ലാ ഭരണ കൂടം നിർമ്മിക്കുന്ന ""സ്വാമി ചാറ്റ് ബോട്ട് "" എ.ഐ അസ്സിസ്റ്റൻറിൻറെ ലോഗോ മുഖ്യമന്ത്രി പിണറായി വിജയൻ പുറത്തിറക്കി. സ്മാർട്ട് ഫോണിലൂടെ ഉപയോഗിക്കാൻ സാധിക്കുന്ന സ്വാമി ചാറ്റ് ബോട്ട് ഇംഗ്ലീഷ്,

ഹിന്ദി, മലയാളം, തെലുങ്ക്, തമിഴ്, കന്നഡ തുടങ്ങി ആറ് ഭാഷകളിൽ സേവനം ഉറപ്പാക്കുന്നു. ദർശന സമയം, പൂജാസമയം തുടങ്ങിയ ക്ഷേത്ര കാര്യങ്ങളും വിമാനത്താവളങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങളും ഭക്തർക്ക് ഇതിലൂടെ ലഭ്യമാകും.

=====================================================

## JAPAN MASTERS: SINDHU

ജപ്പാൻ സൂപ്പർ- 500 ബാഡ്മിൻറൺ ടൂർണമെൻറ് വനിത സിംഗിൾസിൽ ഇന്ത്യൻ താരം പി.വി സിന്ധു പ്രീക്വാർട്ടറിൽ കടന്നു. തായ് ലൻഡ് താരത്തെ 21-12, 21-8 എന്ന സ്കോറിനാണ് സിന്ധു പരാജയപ്പെടുത്തിയത്. ഇന്ന് നടക്കുന്ന മറ്റൊരു മത്സരത്തിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ മലേഷ്യൻ താരം ലിയോങ് ജങ് ഹാവുമായി ഏറ്റുമുട്ടും.

=====================================================

## SQUASH - MONTE CARLO

മോണ്ടെ കാർലോയിൽ നടക്കുന്ന സ്ക്വാഷ് വനിതാ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ച് ഇന്ത്യയുടെ ജോഷ്ന ചിന്നപ്പ. ഫ്രാൻസിൻറെ മെലിസ്സ ആൽവ്സിനെയാണ് ജോഷ്ന പരാജയപ്പെടുത്തിയത്.

=====================================================

## HOUTHI- US DRONE ATTACK

യെമനിൽ അമേരിക്ക നടത്തിയ ഡ്രോൺ ആക്രമണത്തിൽ 10 ഹൂതി വിമതർ കൊല്ലപ്പെട്ടതായി യെമൻ സൈനിക വിഭാഗം അറിയിച്ചു. അൽ -ബൈദാ പ്രവിശ്യയിൽ ഇന്നലെയാണ് ആക്രമണമുണ്ടായത്.

=====================================================

## **TRUMP – KEY OFFICIALS**

ടെസ്ല സി.ഇ.ഒ ഇലോൺ മസ്ക് , സംരംഭകൻ വിവേക് രാമസ്വാമി എന്നിവരുടെ നേതൃത്വത്തിൽ അമേരിക്കയിൽ എഫിഷ്യൻസി വകുപ്പ് ആരംഭിക്കുമെന്ന് നിയുക്ത യു.എസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്. ഭരണപരമായ നടപടിക്രമങ്ങൾ കുറയ്ക്കുക , അധിക നിയന്ത്രണങ്ങൾ എടുത്തുമാറ്റുക , അനാവശ്യ ചെലവുകൾ ഇല്ലാതാക്കുക എന്നിവയാണ് പുതിയ വകുപ്പിൻറെ ലക്ഷ്യം.

================

======================================

======================================================